(ബി) ഈ ആവശ്യങ്ങൾക്കായി പെട്രോളിയം ഉൽപ്പന്നങ്ങളിൻമേൽ യാതൊരു സെസ്സും ചുമത്തുന്നില്ല. ഹൗസിംഗ്, റോഡ് തുടങ്ങിയവയ്ക്കായി ലിറ്ററിൻമേൽ ഒരു രൂപ അധിക നികുതിയാണ് ചുമത്തുന്നത്. ഇത് 01/04/2015 മുതൽ നിലവിൽ വന്നു.

(സി) പെട്രോൾ-ഡീസൽ വിൽപ്പനയിൽ അധികമായി ഈടാക്കുന്ന നികുതി, സെസ് എന്നീ ഇനങ്ങൾ ഉൾപ്പെടെ, 2011-12 മുതൽ 31-10-2015 വരെ ഓരോ വർഷവും പെട്രോളിയം ഉൽപ്പന്നങ്ങളിൽനിന്നും ലഭിച്ച റവന്യൂ വരുമാനം ചുവടെ ചേർക്കുന്നു :

വർഷം	വിവിധ ഇനങ്ങളിൽ ലഭിച്ച ആകെ നികുതി
2011-12	4109.24
2012-13	4527.67
2013-14	5158.64
2014-15	5593.07
2015-16 (31-10-2015 വരെ)	3170.64

അധിക നികുതി 1-4-2015 മുതലാണ് നടപ്പിലാക്കിയത്. ഒക്ടോബർ വരെ 254.44 കോടി രൂപ ഇപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സ്വന്തമായി പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായും, ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട റോഡു വികസന പ്രവർത്തനങ്ങൾക്കായി 1-4-2015 മുതലാണ് പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും ലിറ്ററിന് ഒരു രൂപ എന്ന നിരക്കിൽ അധിക വിൽപ്പന നികുതി പിരിച്ചെടുക്കാൻ തുടങ്ങിയത്. ഇപ്രകാരം പിരിച്ചെടുത്ത തുക മേൽപ്രഖ്യാപിച്ച പദ്ധതികൾക്കായി വിനിയോഗിക്കാൻ തുടങ്ങിയിട്ടില്ല. ഹൗസിംഗും, പൊതുമരാമത്ത് വകുപ്പും ആവശ്യപ്പെടുന്നമുറയ്ക്ക് ധനകാര്യ വകുപ്പ് തുക അനുവദിക്കുന്നതാണ്.

എക്സൈസിൽനിന്നുള്ള നികുതി വരുമാനം

126 (132) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനുവദിച്ച ബാറുകളും മദ്യഷോപ്പുകളും എല്ലാം പ്രവർത്തിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ സംസ്ഥാനത്തിന്റെ എക്സൈസിൽനിന്നുള്ള പ്രതിമാസ ശരാശരി റവന്യൂ വരുമാനം എത്ര കോടിയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാറുകളും മദ്യഷോപ്പുകളും അടച്ചുപൂട്ടിയതിനുശേഷമുള്ള ഏറ്റവും ഒടുവിലത്തെ പ്രതിമാസ റവന്യൂ വരുമാനം എത്ര ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസിൽനിന്നുള്ള സർക്കാരിന്റെ റവന്യൂ വരുമാനം എത്ര കോടിയായിരുന്നു; 2014-15-ൽ അത് എത്ര കോടിയാണ് ; ഈ വർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടി ; ഇതിനകം ലഭിച്ചത് എത്ര ?

ഉത്തരം

(എ) അനുവദിച്ച ബാറുകളും മദ്യഷോപ്പുകളും എല്ലാം പ്രവർത്തിച്ചുകൊണ്ടിരുന്ന 2012-13 സാമ്പത്തിക വർഷത്തിൽ വകുപ്പുതല കണക്കുകൾ പ്രകാരം ആകെ എക്സൈസ് റവന്യൂ വരുമാനം 2249.75 കോടി ആയിരുന്നു. ടി ഘട്ടത്തിൽ സംസ്ഥാനത്തിന്റെ എക്സൈസിൽനിന്നുള്ള പ്രതിമാസ ശരാശരി റവന്യൂ വരുമാനം 187.48 കോടി രൂപയായിരുന്നു.

(ബി) ബാറുകളും മദ്യഷോപ്പുകളും അടച്ചുപൂട്ടിയതിനുശേഷമുള്ള ഏറ്റവും ഒടുവിലത്തെ 2015-16 സാമ്പത്തിക വർഷത്തെ പ്രതിമാസ റവന്യൂ വരുമാനം ചുവടെ ചേർക്കുന്നു :

2015-16	റവന്യൂ വരുമാനം (തുക കോടിയിൽ)
ഏപ്രിൽ	155.67
മെയ്	209.02
ജൂൺ	142.06
ജൂലൈ	152.14
ആഗസ്റ്റ്	143.47
സെപ്റ്റംബർ	164.38
ഒക്ടോബർ	154.40
2015 ഒക്ടോബർ 31 വരെയുള്ള ആകെ വരുമാനം	1121.14

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസിൽനിന്നുള്ള സർക്കാരിന്റെ റവന്യൂ വരുമാനം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	റവന്യൂ വരുമാനം (തുക കോടിയിൽ)
2011-12	1888.88
2012-13	2249.75
2013-14	1931.89
2014-15	1778.07
2015-16 (ഒക്ടോബർ 31 വരെ)	1121.14

2014-15 സാമ്പത്തിക വർഷത്തിൽ വകുപ്പുതല കണക്കുകൾ പ്രകാരം എക്സൈസ് റവന്യൂ വരുമാനം 1778.07 കോടി രൂപയായിരുന്നു. നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം 2600.66 കോടി രൂപയാണ്. നടപ്പുസാമ്പത്തിക വർഷം ഒക്ടോബർ 31 വരെ പിരിഞ്ഞുകിട്ടിയത് 1121.14 കോടി രൂപയാണ്.

നികുതിയിനത്തിൽ പിരിച്ചെടുത്ത തുക

127 (133) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) 2015-16 സാമ്പത്തിക വർഷം എത്ര തുകയാണ് നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(സി) 2015-16 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചുനൽകിയിട്ടുള്ള വായ്പാപരിധി എത്ര; ആയതു പ്രകാരം ഒക്ടോബർ 31 വരെ എത്ര തുക വായ്പ എടുത്തു; വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്രയായിരുന്നു ; അത് ഇപ്പോൾ എത്രയാണ്; 2016 മാർച്ച് 31 ആകുമ്പോഴേക്കും സഞ്ചിത കടം എത്രയാകുമെന്നാണ് കരുതുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly